9/1/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1651(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 10995/SIC-G4/2022)**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2023 ജനുവരി 4**

ശ്രീ. കെ.പി. ഷാജിമോൻ,
ശ്രീപരമേശ്വരം, കറുകച്ചാൽ,
ചമ്പക്കര പി.ഒ.,
കോട്ടയം – 686540.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അഡീഷണൽ പോലീസ് സൂപ്രണ്ട്,
ജില്ലാ പോലീസ് ഓഫീസ്,
ആലപ്പുഴ.

2) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്,
പോലീസ് ഡെപ്യൂട്ടി ഇൻസ്പെക്ടർ
ജനറലിന്റെ കാര്യാലയം, എറണാകുളം മേഖല,
കളമശ്ശേരി – 682 033.

3) അപ്പീൽ അധികാരി &
പോലീസ് ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ,
പോലീസ് ഡെപ്യൂട്ടി ഇൻസ്പെക്ടർ
ജനറലിന്റെ കാര്യാലയം, എറണാകുളം മേഖല,
റേഞ്ച് ഓഫീസ്, എറണാകുളം.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 27/12/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 18/01/2022, 21/01/2022 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 27/01/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 16/02/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 14/07/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 15/07/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 06/10/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 15/10/2022 |

## ഉത്തരവ്

ശ്രീ. കെ.പി.ഷാജിമോൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്കും

അപ്പീൽ അപേക്ഷയ്ക്കും ആവശ്യപ്പെട്ട പകർപ്പുകൾ ലഭിച്ചിട്ടില്ലെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട പകർപ്പുകൾ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഹർജിക്കാരൻ ആലപ്പുഴ ജില്ലാ പോലീസ് മേധാവി മുമ്പാകെ 27.12.2021-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടത്, ടിയാൻ മാന്നാർ പോലീസ് സ്റ്റേഷനിൽ ജോലി നോക്കി വരവെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തതിലേക്ക് ബഹു. ചെങ്ങന്നൂർ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് പ്രാഥമിക അന്വേഷണം നടത്തി 4.11.2020-ൽ 1753/2020/സി.എസ്.ഡി. നമ്പരായി ആലപ്പുഴ ജില്ലാ പോലീസ് മേധാവിക്ക് സമർപ്പിച്ച സ്പെഷ്യൽ റിപ്പോർട്ടിന്റെ പകർപ്പ് അനുവദിച്ചു നൽകണമെന്നാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 18.01.2022 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ടിയാനെതിരെ ചെങ്ങന്നൂർ ഡി.വൈ.എസ്.പി. സമർപ്പിച്ച സ്പെഷ്യൽ റിപ്പോർട്ട് അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിനായി എറണാകുളം റേഞ്ച് ഡി.ഐ.ജി.ക്ക് സമർപ്പിച്ചിട്ടുള്ളതാണെന്നും ടി രേഖകൾ ടി ഓഫീസിൽ ലഭ്യമല്ലാത്ത സാഹചര്യത്തിൽ വിവരാവകാശ നിയമത്തിന്റെ ഉത്തമ താത്പര്യം മുൻനിർത്തി ടിയാന്റെ അപേക്ഷയ്ക്കുള്ള മറുപടി നേരിട്ടു നൽകുന്നതിനായി അപേക്ഷ വിവരാവകാശ നിയമം 6(3) വകുപ്പു പ്രകാരം എറണാകുളം റേഞ്ച് ഡി.ഐ.ജിയുടെ ഓഫീസിലെ എസ്.പി.ഐ.ഒ.യ്ക്ക് അയച്ചു കൊടുത്തിട്ടുള്ളതാണെന്നുമാണ്. മേൽപ്പടി അപേക്ഷയ്ക്ക് 21.01.2022 തീയതി രണ്ടാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ഹർജിക്കാരൻ 27.01.2022 തീയതി സമർപ്പിച്ച അപ്പീൽ അപേക്ഷയ്ക്ക് 16.2.2022 തീയതി മൂന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 29.8.2022-ന് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, വിവരാവകാശ നിയമപ്രകാരം ശ്രീ.കെ.പി.ഷാജിമോൻ സമർപ്പിച്ച അപേക്ഷ 29.12.2021 തീയതി ആലപ്പുഴ ജില്ലാ പോലീസ് ഓഫീസിലെ എസ്.പി.ഐ.ഒ. കൈപ്പറ്റുകയും ആയതിന് 18.1.2022 തീയതിയിലെ ജി1(സി)83519/2021 പ്രകാരം മറുപടി നൽകിയിട്ടുള്ളതുമാണെന്നും ശ്രീ. ഷാജിമോൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ടിയാനെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തതിലേക്ക് ചെങ്ങന്നൂർ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് അന്വേഷണം നടത്തി ആലപ്പുഴ ജില്ലാ പോലീസ് മേധാവിക്ക് നൽകിയ സ്പെഷ്യൽ റിപ്പോർട്ടിന്റെ പകർപ്പാണ് ആവശ്യപ്പെട്ടുള്ളതെന്നും ചെങ്ങന്നൂർ ഡി.വൈ.എസ്.പി. സമർപ്പിച്ച സ്പെഷ്യൽ റിപ്പോർട്ട് അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിനായി എറണാകുളം റേഞ്ച് ഡി.ഐ.ജി.ക്ക് ജില്ലാ പോലീസ് ഓഫീസിൽ നിന്നും സമർപ്പിച്ചിട്ടുള്ളതിനാൽ

അപേക്ഷകൻ ആവശ്യപ്പെട്ട രേഖകൾ ഈ യൂണിറ്റിൽ ലഭ്യമല്ല എന്ന് ബന്ധപ്പെട്ട സെക്ഷനിൽ നിന്നും റിപ്പോർട്ട് നൽകിയിരുന്നു എന്നും അപേക്ഷകൻ ആവശ്യപ്പെട്ട രേഖകൾ ഈ യൂണിറ്റിൽ ലഭ്യമല്ലാത്തതിനാൽ ടിയാന്റെ അപേക്ഷ വിവരാവകാശ നിയമം 6(3) വകുപ്പുപ്രകാരം എറണാകുളം ഡി.ഐ.ജി. ഓഫീസിലെ എസ്.പി.ഐ.ഒ.ക്ക് 18.1.2022 തീയതി അയച്ചു നൽകുകയും ടി വിവരം അപേക്ഷകനെ രേഖാമൂലം അറിയിച്ചിട്ടുള്ളതുമാണ്.

5. മൂന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 15.10.2022-ന് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. കെ.പി. ഷാജിമോൻ വിവരാവകാശ നിയമപ്രകാരം 27.12.2021 തീയതിയിൽ ആലപ്പുഴ ജില്ലാ പോലീസ് കാര്യാലയത്തിൽ സമർപ്പിച്ച അപേക്ഷ 6(3) വകുപ്പു പ്രകാരം 18.1.2022 തീയതിയിൽ ടി കാര്യാലയത്തിൽ ലഭിച്ചിട്ടുള്ളതും, പ്രസ്തുത അപേക്ഷയ്ക്ക് 21.01.2022 തീയതിയിൽ മറുപടി ലഭ്യമാക്കിയിട്ടുള്ളതാണെന്നുമാണ്. അപേക്ഷകനെതിരെ ചെങ്ങന്നൂർ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് പ്രാഥമിക അന്വേഷണം നടത്തി ആലപ്പുഴ ജില്ലാ പോലീസ് മേധാവിക്ക് സമർപ്പിച്ച സ്പെഷ്യൽ റിപ്പോർട്ടിന്റെ പകർപ്പാണ് ആവശ്യപ്പെട്ടിരുന്നതെന്നും ആയതിന് അപേക്ഷകനെതിരായ വകുപ്പുതല അന്വേഷണം നിലവിൽ ആലപ്പുഴ പോലീസ് ഡെപ്യൂട്ടി സൂപ്രണ്ട് നടത്തി വരുന്നതിനാൽ, ടിയാൻ ആവശ്യപ്പെട്ട രേഖകൾ നിലവിൽ ലഭ്യമാക്കുവാൻ സാധിക്കുകയില്ല എന്ന മറുപടി അപേക്ഷകന് ലഭ്യമാക്കിയിട്ടുള്ളതാണെന്നും തുടർന്ന് ഈ മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ.കെ.പി.ഷാജിമോൻ സമർപ്പിച്ച അപ്പീൽ അപേക്ഷ 27.1.2022 തീയതി ടി കാര്യാലയത്തിൽ ലഭിച്ചിട്ടുള്ളതാണെന്നും പ്രസ്തുത അപ്പീൽ അപേക്ഷയ്ക്ക് 16.2.2022 തീയതിയിൽ ലഭ്യമാക്കിയ മറുപടിയിൽ അപേക്ഷകനെതിരെ വകുപ്പുതല നടപടിയിൽ ഇതു വരെ അന്തിമ തീർപ്പ് കൽപ്പിച്ചു ഉത്തരവായിട്ടില്ലാത്തതിനാൽ, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ വിവരാവകാശ നിയമം 8(എച്ച്) പ്രകാരം ഈ ഘട്ടത്തിൽ ലഭ്യമാക്കുവാൻ നിർവ്വാഹമില്ല എന്ന മറുപടി അപേക്ഷകന് ലഭ്യമാക്കിയിട്ടുള്ളതാണെന്നും വിവരാവകാശ നിയമം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ അപേക്ഷകന് മറുപടി ലഭ്യമാക്കിയിട്ടുള്ളതാണെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചതിൽ നിന്നും വകുപ്പ് തല നടപടിയിൽ അന്തിമ തീർപ്പ് കൽപ്പിച്ച് ഉത്തരവായിട്ടില്ലാത്തതിനാൽ ടിയാൻ ആവശ്യപ്പെട്ട സ്പെഷ്യൽ റിപ്പോർട്ടിന്റെ പകർപ്പ് നൽകാൻ നിർവ്വാഹമില്ല എന്ന വാദം ന്യായീകരിക്കത്തക്കതല്ല. സ്പെഷ്യൽ റിപ്പോർട്ടിൽ മൊഴി പകർപ്പ് ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയതും അന്വേഷണത്തെ ബാധിക്കുമെന്ന് ഉത്തമബോധ്യമുള്ള ഭാഗങ്ങളുണ്ടെങ്കിൽ ആയതും ഒഴിവാക്കി സ്പെഷ്യൽ റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരന് നൽകാവുന്നതാണ്. മേൽ

പ്രസ്താവിച്ച പ്രകാരം സ്പെഷ്യൽ റിപ്പോർട്ടിന്റെ പകർപ്പ് 20/01/2023–നകം ഹർജിക്കാരന് രണ്ടാം എതിർകക്ഷി സൗജന്യമായി അയച്ചു കൊടുക്കേണ്ടതും വിവരം 25/1/2023–നകം കമ്മീഷനിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ഇപ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2023 ജനുവരി മാസം 4–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി